# മഴക്കുറവ് മുതലാക്കുന്നവർ

**രവി**

കേരളത്തിൽ ഇത്തവണ മഴയുടെ അളവ് കുറഞ്ഞത് വൈദ്യുതി ബോർഡിന് അനുഗ്രഹമാകുന്നു. നഷ്ടങ്ങളുടെ പുരാണം പറഞ്ഞ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഒളിഞ്ഞും തെളിഞ്ഞും കെ. എസ്. ഇ. ബി കുറച്ചു നാളായി പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ ചാർജ്ജ് വർദ്ധനവിനു പിന്നാലെ വീണ്ടും എങ്ങനെ കാര്യം കൂട്ടാമെന്ന് അറിയാതെ അവർ വിഷമിക്കുമ്പോഴാണ് ഇത്തവണ കാലവർഷം ചതിച്ചത്.

കാലവർഷം രണ്ട് മാസം പിന്നിട്ടിട്ടും മഴ തീരെ കുറവായത് എല്ലായിടത്തും ആശങ്ക പരത്തുമ്പോഴും ഇതിലെ സാധ്യത മനസ്സിലാക്കുകയാണ് വൈദ്യുതിബോർഡ്. മഴയില്ലാത്തതിനാൽ കൂടുതൽ താപവൈദ്യുതി ഉപയോഗിക്കേണ്ടിവരുമെന്നും അതിന് ചാർജ്ജ് കൂട്ടലാണെന്നും ബോർഡു പറയുന്നു. അതിനാൽ താല്ക്കാലികമായി ചാർജ്ജ് വർദ്ധിപ്പിക്കാൻ നിർദ്ദേശം വന്നിരിക്കുകയാണ്. താല്ക്കാലികം പിന്നീട് സ്ഥിരമാക്കി മാറ്റാൻ എളുപ്പമാണല്ലോ.